ഉണ്ടെങ്കിൽ മാത്രമേ ഇത് നടക്കുകയുള്ളൂ. അതുകൊണ്ടാണ് സ്പോൺസറിംഗ് സ്കീം നടപ്പിലാക്കാൻ ശ്രമിക്കുന്നത്. അതോടൊപ്പംതന്നെ നമ്മുടെ ചികിത്സാ കേന്ദ്രങ്ങൾ നന്നാക്കുന്നതിനുവേണ്ടി എല്ലാ പരിശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഉറപ്പ് നൽകുകയാണ്.

(3) വ്യാജ സി.ഡി. നിർമ്മാണം ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന ആവശ്യം

ശ്രീ. കെ. ബാബു : സർ, വ്യാജ സി. ഡി. നിർമ്മാണം മലയാള സിനിമാ വ്യവസായത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ ഇറങ്ങിയ തൻമാത്ര, അച്ഛനുറങ്ങാത്ത വീട്, ബസ് കണ്ടക്ടർ എന്നീ സിനിമകൾക്കുപോലും ഇന്ന് വ്യാജ സി.ഡി. ലഭ്യമാണ്. സിനിമാ വ്യവസായമെന്നു പറയുമ്പോൾ സൂപ്പർസ്റ്റാർമാരുടെ പ്രശ്നം മാത്രമല്ല. ഇതുമായി ആയിരക്കണക്കിന് സാധാരണ തൊഴിലാളികൾ ബന്ധപ്പെടുന്നുണ്ട്. തമിഴ്നാട്ടിൽ വ്യാജ സി.ഡി. നിർമ്മാണം ഗുണ്ടാ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പറയപ്പെടുന്നുണ്ട്. ഗവൺമെന്റ് ഫലപ്രദമായി പല നടപടികളും സ്വീകരിക്കാൻ ശ്രമിച്ചുവെങ്കിലും വ്യാജ സി.ഡി. നിർമ്മാണം ഇപ്പോഴും സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. മിനിമം മൂന്ന് കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കിയാണ് സാധാരണ സിനിമപോലും ഇറക്കുന്നത്. മലയാള സിനിമയ്ക്ക് പരിമിതികൾ വളരെയേറെയാണ്. വ്യാജ സി.ഡി. നിർമ്മാണം മലയാള സിനിമയെ പ്രതികൂലമായി ബാധിക്കുകയാണ്. ഈ വ്യവസായം തകർച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത് തടയാൻ അടിയന്തിരമായി എല്ലാ നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.വക്കം പുരുഷോത്തമൻ) : സർ, വ്യാജ സി.ഡി. നിർമ്മാണം സിനിമാ വ്യവസായത്തിന് വളരെ കുഴപ്പമുണ്ടാക്കുന്ന ഒരു ഏർപ്പാടായി മാറിയിട്ടുണ്ട്. പുതിയ സിനിമ റിലീസ് ആകുമ്പോൾത്തന്നെ അതോടൊപ്പം വ്യാജ സി.ഡി.-യും ഇറങ്ങുന്നു എന്നുള്ളത് ആ വ്യവസായത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ആളുകൾ എന്നെ കാണുകയുണ്ടായി. ഇത് തമിഴ്നാട്ടിൽ ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നറിയുന്നു. എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഏതായാലും അവരോട് അതിന്റെ കോപ്പി കൊണ്ടുവരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിക്കാം. ഇപ്പോൾത്തന്നെ കോപ്പി റൈറ്റ്സ് ആക്ടിന്റെ പരിധിയിൽ ഇത് വരുന്നതാണ്. അതനുസരിച്ച് സബ് ഇൻസ്പെക്ടർക്ക് താഴെയല്ലാത്ത പോലീസ് ഉദ്യോഗസ്ഥന് ഇത് പരിശോധിക്കാനും കേസ് എടുക്കാനും അധികാരമുണ്ട്. അത് ഫലപ്രദമാകുന്നില്ലായെന്നാണ് നിവേദനം. ഇത് ഗുണ്ടാ ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നാൽ ഫലപ്രദമായി തടയാൻ കഴിയുമെന്ന്. അവർ വിശ്വസിക്കുന്നു. അതുകൊണ്ട് പരിശോധിക്കാമെന്ന് ഞാൻ സമ്മതിച്ചിട്ടുണ്ട്. അത് പരിശോധിക്കാമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly